


# ജാഗ്രതയോടെ ഉണർന്നിരിക്കാം

**ഏശയ്യാ 32:1 – 8; നിയമാ. 7:12 – 16; ഫിലിപ്പി. 1:12 – 25; മത്തായി 13:24 – 30**

ബ്ര. ലിന്റോ അരീക്കുഴിയിൽ

Vol. 12, Issue: 15

**രാ**ത്രിയിൽ കിടക്കുന്നതിനു മുമ്പ് നമ്മുടെ മാതാപിതാക്കൾ ശ്രദ്ധിക്കുന്ന ഒരു പ്രധാനപ്പെട്ട കാര്യമാണ് വീടിന്റെ വാതിലും ജനലും പൂട്ടി ഭദ്രമാണോ എന്നു നോക്കുന്നത്. എന്തേ ഇതിനു കാരണം എന്നു ചിന്തിച്ചാൽ ഉത്തരം വളരെ ലളിതമാണ്. തന്റെ ജാഗ്രതക്കുറവ് മൂലം തന്റെയും തന്റെ കുടുംബത്തിന്റെയും ജീവനും സമ്പത്തും നഷ്ടമായിക്കൂടാ. ജീവനും സമ്പത്തിനും മാത്രമല്ല, ആത്മീയവളർച്ചയുടെ കാര്യത്തിലും ജാഗ്രത സൂക്ഷിക്കണമെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്ന വചനഭാഗമാണ് ഏലിയാ സ്ലീവാ മൂശാക്കാലത്തിലെ മൂന്നാമത്തെ ഞായറാഴ്ചയായ ഇന്ന് തിരുസഭാ മാതാവ് വചനവിചിന്തനത്തിനു നൽകുന്നത്. മത്തായിയുടെ സുവിശേഷത്തിൽ മാത്രം കാണുന്ന വചനഭാഗമാണ് കളകളുടെ ഉപമ. നാം ജീവിക്കുന്ന ഈ ലോകം പലവിധ തിന്മകളാൽ ചുറ്റപ്പെട്ടതാണ്. നാം അറിഞ്ഞും അറിയാതെയും അതിൽ ചെന്നു ചാടുന്നു.

പ്രിയമുള്ളവരേ, തിന്മയുടെ പ്രവർത്തനരീതി പ്രതീക്ഷിക്കാത്ത സമയത്തും പ്രതീക്ഷിക്കാത്ത വിധത്തിലും ആയിരിക്കും എന്നതാണ്. എല്ലാം ഭദ്രമെന്നു കരുതി ഉറക്കമാകുമ്പോഴാണ് തിന്മ അതിന്റെ അവസരം കണ്ടെത്തിയത് എന്നാണ് ഇന്നത്തെ വചനഭാഗം നമ്മോട് പറയുന്നത്. അതുകൊണ്ട് തിന്മയുടെ പ്രവർത്തനങ്ങൾക്കെതിരെ സദാ ജാഗരൂകരായിരിക്കാം. സഭാപിതാവായ ഇരണേവൂസ് പറയുന്നത്, "നമ്മൾ ഉറങ്ങുമ്പോൾ ശത്രു വന്ന് കളകൾ വിതയ്ക്കുന്നു." അതിനാൽ എപ്പോഴും ജാഗ്രതയോടെ വർത്തിക്കണമെന്ന് ഈശോ ആവശ്യപ്പെടുന്നു.

സ്വർഗരാജ്യത്തെക്കുറിച്ചുള്ള യേശുവിന്റെ പ്രബോധനങ്ങൾ ആരംഭിക്കുന്നത്, ഒരുവൻ വയലിൽ നല്ല വിത്ത് വിതച്ചു എന്ന് പറഞ്ഞുകൊണ്ടാണ്. ഉൽപത്തി പുസ്തകം 1-ാം അദ്ധ്യായം 31-ാം വാക്യത്തിൽ നാം ഇപ്രകാരം വായിക്കുന്നു: "താൻ സൃഷ്ടിച്ചതെല്ലാം വളരെ നന്നായിരിക്കുന്നുവെന്ന് ദൈവം കണ്ടു."

അതായത്, എന്നെയും നിങ്ങളെയും സൃഷ്ടിച്ച കർത്താവിന്റെ ദൃഷ്ടിയിൽ നാമെല്ലാവരും വളരെ നല്ലവരായിരുന്നു. ആ വയലിലാണ് ശത്രു കള വിതച്ചത്. എപ്പോഴാണ് ശത്രു കളകൾ വിതച്ചത് എന്ന ചോദ്യത്തിന് ഉത്തരം 'ആളുകൾ ഉറക്കമായപ്പോൾ' എന്നാണ്. തീക്ഷ്ണതയില്ലായ്മയുടെയും ജാഗ്രതക്കുറവിന്റെയും പ്രകടനമാണ് ഉറക്കം. ഒലിവുമലയിൽ വച്ച് ക്രിസ്തു ശിഷ്യർക്കു നൽകിയ താക്കീത് നമുക്കുള്ള ഓർമ്മപ്പെടുത്തലാണ്. "പ്രലോഭനത്തിൽ അകപ്പെടാതിരിക്കാൻ ഉണർന്നിരുന്ന് പ്രാർത്ഥിക്കുവിൻ." ക്രിസ്തുവിന്റെ ഉള്ളം നൊന്ത കാഴ്ചയായിരുന്നു അത്. അതുകൊണ്ടാണ് അവിടുന്ന് അവരോട് ചോദിച്ചത്: "എന്നോടു കൂടെ ഒരു മണിക്കൂർ ഉണർന്നിരിക്കാൻ നിങ്ങൾക്ക് കഴിയുന്നില്ലേ" എന്ന്. ഉറക്കത്തിലും ഉണർവ്വ് സൂക്ഷിച്ചവന്റെ പേരാണ് ക്രിസ്തു. ഗലീലി കടലിൽ ശിഷ്യരോടൊത്തുള്ള ആ വഞ്ചിയാത്ര ഓർമ്മിക്കുക. തിരമാലകൾ ആഞ്ഞടിക്കുമ്പോഴും അവിടുന്ന് അമരത്ത് ശാന്തനായി ഉറങ്ങുകയായിരുന്നു. ശിഷ്യരിൽ ഏറിയപേരും മുക്കുവരായിരുന്നിട്ടും പലവട്ടം തിരമാലകളോട് മല്ലിട്ട് ആഴത്തിൽ വലയെറിഞ്ഞ് മത്സ്യത്തെ പിടിച്ചിട്ടും കാറ്റും തിരമാലകളും പ്രതികൂലമായപ്പോൾ വാവിട്ടു കരയുന്നു. വെറുമൊരു തച്ചനായിരുന്ന ക്രിസ്തുവാകട്ടെ, ഒരു കുഞ്ഞിനെപ്പോലെ ഉറങ്ങുകയായിരുന്നു. കാരണം ഉള്ളിൽ അവൻ ഒരു ജാഗ്രത സൂക്ഷിച്ചിരുന്നു. എല്ലാം നിയന്ത്രിക്കുന്ന പിതാവായ ദൈവം തന്നോടൊപ്പമുണ്ടെന്ന അവബോധമായിരുന്നു അത്. ഒടുവിൽ ദൈവനാമത്തിൽ കാറ്റിനെയും കടലിനെയും ശാന്തമാക്കുന്നു.

പഴയനിയമത്തിൽ യഹോവയെ 'ഉറങ്ങാത്ത കാവൽക്കാരൻ' എന്നു വിളിക്കുമ്പോൾ പുതിയനിയമത്തിൽ 'ജാഗ്രത' ക്രിസ്തീയ പുണ്യമായി അവതരിപ്പിക്കുന്നു. പ്രാർത്ഥനയിൽ അടിസ്ഥാനമായ ജാഗ്രത, പ്രലോഭനങ്ങളെ നേരിടുന്നതിനും തിന്മയെ പരിത്യജിക്കുന്നതിനും മനസിനെ ഉണർവ്വോടെ കാത്തുസൂക്ഷിക്കുന്നതിനും സഹായിക്കുന്നു. ഉറക്കത്തിൽ നിന്നുണർന്ന് ദൈവത്തിന്റെ ഹിതം നിറവേറ്റിയവനാണ് വി. യൗസേപ്പിതാവ്. അദ്ദേഹത്തിന്റെ ഉണർവ്വ് തിരുക്കുടുംബത്തിന് രൂപം നൽകി.

നിയമാവർത്തന പുസ്തകത്തിൽ നാം വായിച്ചുകേട്ടു, "ദൈവത്തോട് വിശ്വസ്തത കാണിച്ചാൽ നിന്റെ ജീവിതത്തിൽ അനുഗ്രഹങ്ങൾ ലഭിക്കും" എന്ന്. എങ്ങനെയാണ് ദൈവത്തോട് വിശ്വസ്തത കാണിക്കുക? ഉറക്കത്തിൽ നിന്നുണർന്ന് ജാഗ്രതയോടെ വർത്തിച്ചുകൊണ്ട് വിശ്വസ്തരാകാം. ദൈവസാന്നിദ്ധ്യസ്മരണ പുലർത്തിക്കൊണ്ടാണ് നമ്മുടെ ആത്മീയ യാത്രയിൽ തിന്മയ്ക്കെതിരെ ജാഗ്രതയോടെ വർത്തിക്കേണ്ടത് എന്നാണ് ആത്മീയപിതാക്കന്മാരുടെ ഭാഷ്യം. കൂടെ നടക്കുന്ന ദൈവത്തെ തിരിച്ചറിയുമ്പോൾ എങ്ങനെ തിന്മയോട് പൊരുത്തപ്പെടാൻ സാധിക്കും. യാത്രയിലും ജോലിസ്ഥലത്തും വിശ്രമത്തിലും നമുക്ക് ഓർക്കാം, ഇമ്മാനുവേൽ – ദൈവം നമ്മോടു കൂടെ!

വി. അഗസ്റ്റിൻ ഇപ്രകാരം പറഞ്ഞുവയ്ക്കുന്നു: "ഓരോ പരിശുദ്ധ കുർബാനയിലും നമുക്ക് ആവശ്യമായ അനുഗ്രഹങ്ങളുമായി നമ്മുടെ ഓരോരുത്തരുടെയും മുമ്പിലൂടെ ക്രിസ്തു കടന്നുപോകുന്നുണ്ട്. നമ്മുടെ ഒരു നിമിഷത്തെ ശ്രദ്ധക്കുറവ് മൂലം നമുക്കു ലഭിക്കേണ്ട അനുഗ്രഹങ്ങൾ നമ്മൾ നഷ്ടപ്പെടുത്തിക്കളയുന്നു." അതുകൊണ്ട് പ്രിയമുള്ളവരേ, നാം അർപ്പിക്കുന്ന പരിശുദ്ധ കുർബാനയിൽ അതീവശ്രദ്ധയോടും ജാഗ്രതയോടും കൂടി പങ്കെടുക്കുവാനുള്ള കൃപയ്ക്കായി നമുക്ക് മനസ്സുരുകി പ്രാർത്ഥിക്കാം.

സർവ്വശക്തനായ ദൈവം നമ്മെ ഓരോരുത്തരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.